**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.973** 30.09.2016 ൽ മറുപടിയ്ക്ക്

# ജൈവ പച്ചക്കറി കൃഷി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എൽദോ എബ്രഹാം | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവയടക്കം ഉയർന്ന തോതിൽ കീടനാശിനികൾ ഉപയോഗിച്ച പച്ചക്കറികൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഇത്തരം പച്ചക്കറികളുടെ വിപണനം തടയുന്നതിനും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;<br><br>(സി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും നടന്നുവരുന്നതെന്നും വിശദമാക്കുമോ? | (ബി) & (സി) | വിഷം ഉപയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികൾ തടയുവാൻ സംസ്ഥാനത്തു തന്നെ നമുക്കാവശ്യമായ പച്ചക്കറികൾ നല്ല കൃഷിമുറ പരിപാലന രീതിയിൽ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഉല്പാദിപ്പിക്കുക എന്നതാണ് ശാശ്വതമായ പരിഹാരമാർഗ്ഗം. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നിവയുടെ നേതൃത്വത്തിലും സംയുക്ത ആഭിമുഖ്യത്തിലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളേയും കർഷക കൂട്ടായ്മകളേയും സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളേയും സംഘടിപ്പിച്ച് നല്ല കാർഷികമുറകളിൽ അധിഷ്ഠിതമായ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള തീവ്രപരിപാടികൾ നടപ്പാക്കി വരുന്നു. പ്രസ്തുത കൃഷി പരിപോഷിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കു ന്നതിനുമായി വിവിധ തലങ്ങളിൽ അവാർഡുകൾ നൽകി വരുന്നു. കൂടാതെ വിവിധതലങ്ങളിൽ കീടനാശിനിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവല്ക്കരണക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു.<br><br>ജൈവപച്ചക്കറി കൃഷിയിലേർപ്പെടുന്ന കർഷക സംഘങ്ങൾക്ക് സാമ്പത്തിക സഹായം |

നൽകുന്നതിലേയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കുകയും ആവശ്യമായ തുക വകയിരുത്തുകയും ചെയ്തു. ഗുണനിലവാരം ഉറപ്പാക്കുന്ന ജി.എ.പി. സർട്ടിഫിക്കേഷനുവേണ്ടി സംസ്ഥാനത്തൊട്ടാകെ 292 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവവളം ഉൽപ്പാദനത്തിനും ഉല്പന്നങ്ങൾക്ക് ലേബലിംഗ് നൽകുന്നതിനും ധനസഹായം നൽകി വരുന്നു. ഇത്തരം ഉല്പന്നങ്ങൾ ഇക്കോഷോപ്പ് വഴി വില്പനനടത്തുന്നതിനും പ്രോത്സാഹന തുക നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ